# കേരള സർവകലാശാല

നം. പി.ആർ.120/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 8 ന് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള വിവിധ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ജൂൺ 8ന് മുമ്പു തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

## ബി.ടെക് സൂക്ഷ്മപരിശോധന

2017 എപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്(റഗുലർ/ ട്രാൻസിറ്ററി/പാർട്ട്ടൈം/പാർട്ട്ടൈം-റീസ്ട്രക്ചേർഡ് -2008സ്കീം)പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾഫോട്ടോ പതിച്ച ഐഡികാർഡും ഹാൾടിക്കറ്റുമായി മേയ് 29 മുതൽ ജൂൺ 5 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

## ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ഹിയറിംഗ് ഇമ്പയേർഡ് പരീക്ഷ

ജൂണിൽ ആരംഭിക്കുന്ന ബി. എസ്. സി കമ്പ്യൂട്ടർ സയൻസ് ഹിയറിംഗ് ഇമ്പയേർഡ് കോഴ്സിന്റെ നാലും ആറും സെമസ്റ്റർ (2013 സ്കീം റഗുലർ ,സപ്ലിമെന്ററി)എട്ടാം സെമസ്റ്റർ (2013സ്കീം റഗുലർ, സപ്ലിമെന്ററി)പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ മെയ് 28 ന് ആരംഭിക്കും.മേൽപ്പറഞ്ഞ കോഴ്സിന്റെ 2013 ന് മുൻപുള്ള അഡ്മിഷൻ (സപ്ലിമെന്ററി)വിദ്യാർത്ഥികളുടെ നാലും ആറും സെമസ്റ്റർ പരീക്ഷകൾക്കുള്ള അപേക്ഷകൾ സർവ്വകലാശാലലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. പിഴകൂടാതെ ജൂൺ 4, 50 രൂപ പിഴയോടുകൂടി ജൂൺ 5, 125 രൂപ പിഴയോടുകൂടി ജൂൺ 6 വരെയും ഫീസടച്ച് അപേക്ഷിക്കാം.വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

ജൂണിൽ ആരംഭിക്കുന്ന ബി.കോം ഹിയറിംഗ് ഇമ്പയേർഡ് കോഴ്സിന്റെ നാലും ആറും സെമസ്റ്റർ (2013 സ്കീം റഗുലർ /സപ്ലിമെന്ററി)എട്ടാം സെമസ്റ്റർ (2013 സ്കീം റഗുലർ)പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ ജൂൺ 4, 50 രൂപ പിഴയോടുകൂടി ജൂൺ 5, 125 രൂപ പിഴയോടുകൂടി ജൂൺ 6 വരെയും ഫീസടച്ച് അപേക്ഷിക്കാം.വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ് സി സൂക്ഷ്മപരിശോധന

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ് സി (സി.ബി.സി.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡികാർഡും ഹാൾടിക്കറ്റുമായി മേയ് 30 മുതൽ ജൂൺ 14 വരെയുളള പ്രവർത്തിദിനങ്ങളിൽ EJ II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പ്രാക്റ്റിക്കൽ പരീക്ഷ

2018 എപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് (സി.ബി.സി.എസ്. എസ്) ആറാം സെമസ്റ്റർ ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (കമ്പ്യൂട്ടർ ആപ്ളിക്കേഷൻ) പ്രാക്റ്റിക്കൽ പരീക്ഷകൾ ജൂൺ 4,5 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പൂജപ്പുര സെൻട്രൽ ജയിലിൽ തുടർ വിദ്യാഭ്യാസ യൂണിറ്റും, കോഴ്സും.

സർവകലാശാല സെൻട്രൽ ജയിൽ തടവുകാർക്കായി തുടർ വിദ്യാഭ്യാസ യൂണിറ്റും കോഴ്സുകളും ആരംഭിക്കും.ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം മേയ് 30 ബുധനാഴ്ച 3:00 മണിക്ക് പൂജപ്പുര സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ വച്ച് ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ സി.രവീന്ദ്രനാഥ് നിർവഹിക്കും.വൈസ് ചാൻസലർ ഡോ.സി.ഗണേഷ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജയിൽ ഡി.ജി.പി ശ്രീമതി ആർ.ശ്രീലേഖ.ഐ.പി.എസ് മുഖ്യപ്രഭാഷണം നടത്തും.

*(“തിരുവനന്തപുരത്ത് ഇന്ന്” എന്ന കോളത്തിൽ കൂടി ഉൾപ്പെടുത്തണം)*

## സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി പാസ്സായിരിക്കണം. കോഴ്സ് കാലാവധി: നാല് മാസം. ഫീസ്: 5000/- രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷാഫീസ്: 100 രൂപ. അവസാന തീയതി മേയ് 31. ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## പി.ജി. സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം തീയതി നീട്ടി.

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടി. അവസാന തീയതി ജൂൺ 5.യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം.കോഴ്സ് കാലാവധി : ആറ് (6) മാസം.ഫീസ് : 10,500/- രൂപ. അപേക്ഷ ഫീസ്: 150/- രൂപ.അപേക്ഷ ഫോറം പി.എം.ജി. ജംഗ്ഷനിലെ CACEE ഓഫീസിൽ ലഭിയ്ക്കും.വിവരങ്ങൾക്ക്: 0471-2302523. ഉയർന്ന പ്രായപരിധി ഇല്ല.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി പാസ്സായിരിക്കണം. കോഴ്സ് കാലാവധി: ആറ് മാസം. ഫീസ്: 7500/- രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം.(രാവിലെ 9.30 മുതൽ 4.30 വരെ). അവസാന തീയതി ജൂൺ 16. ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## ബി ആർക്ക് പരീക്ഷ

2018 ജൂണിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി ആർക്ക് (റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിഗ്രി പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ(MR/ID)ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ജി.സി - നെറ്റ് പരിശീലന ക്ളാസുകൾ

ഗവേഷകവിദ്യാർത്ഥിയൂണിയനും ഐ. ക്യു. എ.സിയും സംയുക്തമായി യു ജി.സി - നെറ്റ് ജനറൽ പേപ്പർ പരിശീലന ക്ളാസുകൾ സംഘടിപ്പിക്കുന്നു. ജൂൺ 2 മുതൽ 31 വരെയാണ് ക്ളാസുകൾ. കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ കൊമേഴ്സ് വിഭാഗം ഫിനിഷിംഗ് സ്കൂൾ ഹാളിൽ വച്ചാണ് നടക്കുന്നത്. താല്പര്യമുള്ളവർ താഴെ പറയുന്ന അഡ്രസിൽ ബന്ധപ്പെടുക. വിഷ്ണു കെ പി - 9809909056, മനേഷ് പി-9747297666 ഇമെയിൽ researchstudentsunionku@gmail.com.

## ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സപ്ലിമെന്ററി പരീക്ഷ

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം (2012 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 6, 50 രൂപ പിഴയോടുകൂടി ജൂൺ 8, 125 രൂപ പിഴയോടു കൂടി ജൂൺ 12 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്ന താണ്.ഓൺലൈൻ രജിസ്ട്രേഷൻ മേയ് 29 മുതൽ ആരംഭിക്കും. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സപ്ലിമെന്ററി പരീക്ഷ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം (2012 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 6, 50 രൂപ പിഴയോടുകൂടി ജൂൺ 8, 125 രൂപ പിഴയോടു കൂടി ജൂൺ 12 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്ന താണ്.ഓൺലൈൻ രജിസ്ട്രേഷൻ മേയ് 29 മുതൽ ആരംഭിക്കും. വിശദവിവര ങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19
## ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജ് (എയ്ഡഡ്), തോന്ന യ്ക്കൽ,തിരുവനന്തപുരം. പുതിയ കോളേജ് / കോഴ്സുകൾ- ഓൺലൈൻ അപേക്ഷ നൽകാം.

കേരള സർവകലാശാലയിൽ പുതുതായി അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജായ തിരുവനന്തപുരം തോന്നയ്ക്കൽ ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജിൽ ബി.എ ഇംഗ്ലീഷ് (30 സീറ്റ്), ബി.കോം. ഫിനാൻസ് (40 സീറ്റ്), ബി.എസ്.സി ഫിസിക്സ് (30 സീറ്റ്) എന്നീ കോഴ്സുകൾ അനുവദിച്ചു. താൽപ്പര്യമുളള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ നൽകാവുന്ന താണ്.നിലവിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ഈ കോളേജും കോഴ്സുകളും അപേക്ഷയിൽ ചേർക്കാവുന്നതാണ്.പുതുതായി കോളേജും കോഴ്സും നൽകുന്ന വിദ്യാർത്ഥികൾ മാറ്റം വരുത്തിയ പുതിയ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഇതിനായി സർവക ലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം2018
## സി.ബി.എസ്.ഇ പാസ്സായവർക്കും അപേക്ഷിക്കാം.

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുളള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും (ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ), യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേ ക്കുളള 2018-19 വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.www.keralauniversity.ac.in)പുരോഗമിക്കുന്നു.

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുളള എല്ലാ കോളേ ജുകളിലും 2018-19 വർഷം ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തി

ലൂടെ നടത്തുന്നതാണ്.എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും എസ്.സി/ എസ്.റ്റി/എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. കേരള സർവകലാശാല യുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.സി.ബി.എസ്.ഇ 12 ാം ക്ലാസ്സ് പരീക്ഷാഫലം പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വിജയിച്ചവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, വികലാംഗർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗ ങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവരും തന്നെ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവക ലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

തിരുവനന്തപുരം.
28.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**